# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം. 1795

21.01.2014 -ൽ മറുപടി നൽകേണ്ടത്

## ജനന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ജെയിംസ് മാത്യു :** | **ഡോ. എം. കെ. മുനീർ**<br>**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി** |
| (എ) തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്നും ജനന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ ; | (എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ജനന സർട്ടിഫിക്കറ്റ് ലഭികുന്നതിനുള്ള നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു.<br><br>a) നിശ്ചിത മാതൃകയിലോ വെള്ളക്കടലാസിലോ അപേക്ഷ (5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിക്കണം)<br>b) അപേക്ഷകന്റെ പേരിൽ വാങ്ങിയ 20 രൂപയിൽ കുറയാത്ത മുദ്രപത്രം.<br>c) തിരച്ചിൽ ഫീ ഒരു വർഷത്തേയ്ക്ക് 2/- രൂപ വീതം.<br>d) പകർപ്പ് ഫീസ് 5-/ രൂപ.<br>e) തപാലിൽ ലഭിക്കുന്നതിന് ആവശ്യമായ തപാൽ ചാർജ്ജ്.<br><br>**രജിസ്ട്രേഷൻ തീയതി കാണിച്ചിട്ടുള്ള അപേക്ഷകളിൽ തിരച്ചിൽ ഫീസ് ഇ ൗടാക്കുന്നതല്ല.** |
| (ബി) ജനനം രജിസ്റ്റർ ചെയ്തിട്ട് വർഷങ്ങൾക്കു ശേഷം ജനന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി ഏതെല്ലാം രേഖകളാണ് ഹാജരാക്കേണ്ടത് ; | (ബി) ജനനം രജിസ്റ്റർ ചെയ്തിട്ട് വർഷങ്ങൾക്കു ശേഷം ജനന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് 'എ' പിരിവിൽ പറയും പ്രകാ ബന്ധപ്പെട്ട രജിസ്ട്രേഷൻ യൂണിറ്റിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. |
| (സി) യഥാസമയം രജിസ്റ്റർ ചെയ്യാൻ കഴിയാത്തവർക്ക് വിദ്യാഭ്യാസ-ജോലി ആവശ്യങ്ങൾക്ക് ജനന സർട്ടിഫിക്കറ്റ് ലഭിക്കുവാൻ എന്താണ് നടപടിയെന്ന് വിശദമാക്കാമോ ; | (സി) ജനനം നടന്ന് 30 ദിവസത്തിനകം റിപ്പോർട്ട് ചെയ്യാത്ത ജനനങ്ങൾ ഒരു വർഷം വരെ ജില്ലാ രജിസ്ട്രാറുടെ അനുമതിയോടെ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു.<br><br>a) ജനന റിപ്പോർട്ട് - 2 കോപ്പി<br>b) നോട്ടറി പബ്ലിക്/സംസ്ഥാന സർക്കാർ സർവ്വീസിലെ ഒരു ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ സത്യവാങ് മൂലം<br>c) ജനനം രജിസ്റ്റർ ചെയ്യാൻ വൈകിയതിന്റെ കാരണം |

കാണിക്കുന്ന അപേക്ഷ (5 രൂപ കോർട്ട് ഫീ സ്റ്റാമ്പ്)

d) നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി ജനന സ്ഥലം/താമസ സ്ഥലം സംബന്ധിച്ച തെളിവുകൾ

e) ലേറ്റ് ഫീ 5/ രൂപ (ജില്ലാ രജിസ്ട്രാറുടെ അനുമതി ലഭിച്ചതിനു ശേഷം)

ജനനം നടന്ന് ഒരു വർഷം വരെ ജനനം രജിസ്റ്റർ ചെയ്യാത്ത കേസുകളിൽ ഒരു വർഷത്തിനു ശേഷം ജനനം രജിസ്റ്റർ ചെയ്യുന്നതിന് സബ് ഡിവിഷണൽ മജിസ്ട്രേറ്റിന്റെ അനുമതിയ്ക്കായി രജിസ്ട്രേഷൻ യൂണിറ്റു വഴി അപേക്ഷ സമർപ്പിക്കുന്നുവെങ്കിൽ

a) ജനന റിപ്പോർട്ട് എല്ലാ കോളങ്ങളും പൂരിപ്പിച്ചത് 2 കോപ്പി

b) സത്യവാങ്മൂലം (ആർ.ഡി.ഒ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം)

c) നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി ജനന സമയത്തെ മേൽവിലാസം തെളിയിക്കുന്ന രേഖ (റേഷൻ കാർഡ്, സ്കൂൾ രേഖ, വോട്ടേഴ്സ് ലിസ്റ്റ് മുതലായവയിൽ ഏതിന്റെയെങ്കിലും സാക്ഷ്യപ്പെടുത്തിയ പകർപ്പ്), ജനന സ്ഥലം സംബന്ധിച്ച രേഖ

d) രജിസ്ട്രേഷൻ അനുവദിക്കണമെന്ന് ആവശ്യപ്പെടുന്നതും വൈകിയതിന്റെ കാരണം കാണിക്കുന്നതുമായ അപേക്ഷ (5/- രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിക്കണം).

e) നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ്

| | | | |
|---|---|---|---|
| (ഡി) | ഈ സർക്കാർ അധികാരമേറ്റ ശേഷം, ഇത്തരത്തിൽ ജനന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി ആവശ്യക്കാർ സർക്കാരിനെ സമീപിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര പേർ ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ ; | (ഡി) | ഉണ്ട്. ഈ സർക്കാർ അധികാരമേറ്റ ശേഷം ഇത്തരത്തിൽ ജനന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി 18 അപേക്ഷകൾ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. യഥാസമയം ജനനം രജിസ്റ്റർ ചെയ്യാൻ കഴിയാത്തത് സംബന്ധിച്ച് 'സി' പിരിവിൽ വിവരിച്ചിട്ടുള്ള നടപടിക്രമങ്ങൾ പ്രകാരം ലഭിയ്ക്കുന്ന അപേക്ഷകളിന്മേൽ നടപടി സ്വീകരികുന്നതിന് ചീഫ് ജനന-മരണ രജിസ്ട്രാർക്ക് അയച്ചുകൊടുക്കുകയും നടപടിക്രമം അനുസരിച്ച് അല്ലാതെ ലഭിക്കുന്ന അപേക്ഷകളിന്മേൽ ചീഫ് ജനന-മരണ രജിസ്ട്രാറുടെ റിപ്പോർട്ടിന്റെയും നിയമ വകുപ്പിന്റെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ നിയമപ്രകാരം നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | ജനന സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ ; വിശദമാക്കാമോ ; | (ഇ) | ജനനം രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളിൽ ജനന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സംബന്ധിച്ച് എ പിരിവിന് മറുപടിയായി |

ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ www.cr.lsgkerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും സർട്ടിഫിക്കറ്റുകൾ ലഭ്യമാണ്.

(എഫ്) മുഖ്യമന്ത്രിയുടെ കണ്ണൂർ ജില്ലയിലെ ജനസമ്പർക്കത്തിൽ പയ്യന്നൂരിൽ നിന്നുള്ള ബേബി വിനോദിനിയുടെ അപേക്ഷ എന്തിനുവേണ്ടിയുള്ളതായിരുന്നു ; ഇക്കാര്യത്തിൽ തീരുമാനം എന്തായിരുന്നുവെന്നറിയിക്കുമോ ?

മുഖ്യമന്ത്രിയുടെ കണ്ണൂർ ജില്ലയിലെ ജനസമ്പർക്കത്തിൽ പയ്യന്നൂരിൽ നിന്നുള്ള ബേബി വിനോദിനിയുടെ അപേക്ഷ ഈ വകുപ്പിൽ ലഭിച്ചിട്ടില്ല. എന്നാൽ കുട്ടികളുടെ ജനനം പയ്യന്നൂർ നഗരസഭയിൽ രിജസ്റ്റർ ചെയ്യുന്നതിന് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് നൽകിയില്ലായെന്നുള്ളത് സംബന്ധിച്ച് ശ്രീമതി. ബേബി വിനോദിനി സമർപ്പിച്ച തീയതി വയ്ക്കാത്ത അപേക്ഷ 05-03-2013-ൽ ഈ വകുപ്പിൽ ലഭിച്ചിട്ടുണ്ട്. ഈ അപേക്ഷയിന്മേൽ പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം, അപേക്ഷയിൽ രേഖപ്പെടുത്തിയ മേൽവിലാസത്തിലല്ല ടിയാളുടെ കുട്ടികൾ ജനിച്ചതെന്ന് ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് വിവരം അപേക്ഷകയെ അറിയിച്ചപ്പോൾ മറ്റൊരു മേൽവിലാസം നൽകുകയും എന്നാൽ ആ മേൽവിലാസത്തിലുമല്ല കുട്ടികൾ ജനിച്ചതെന്നു ബോദ്ധ്യപ്പെടുകയും ചെയ്ത സാഹചര്യത്തിൽ എൻ. എ. സി നൽകാൻ കഴിയില്ലെന്ന വിവരം അപേക്ഷകയെ 26-08-2013-ലെ 13743/ആർ.ഡി.3/13/തസ്വഭവ നമ്പർ കത്ത് പ്രകാരം അറിയിക്കുകയുമാണുണ്ടായത്.

സെക്ഷൻ ഓഫീസർ